ॐ



ജയതി തേ*f*ധികം ജൻമനാ വ്രജം ശ്രയത ഇന്ദിരാ ശശ്വദത്രഹി
ദയിത ദൃശ്യതാം ദിക്ഷു താവകാ സ്ത്വയി ധൃതാസവസ്ത്വാം വിചിന്വതേ (10–31–1)
നഖലു ഗോപികാനന്ദനോ ഭവാ നഖിലദേഹിനാമന്തരാത്മദൃക്
വിഖനസാർത്ഥിതോ വിശ്വഗുപ്തയേ സഖ ഉദേയിവാൻ സാത്വതാം കുലേ (10–31–4)
തവ കഥാ*f*മൃതം തപ്തജീവനം കവിഭിരീഡിതം കൽമഷാപഹം
ശ്രവണ മംഗളം ശ്രീമദാതതം ഭുവിഗൃണന്തി തേ ഭൂരിദാ ജനാ: (10–31–9)

ഗോപികമാർ പാടി:
അങ്ങിവിടെ ഭൂജാതനായതിൽപ്പിന്നെ ഐശ്വര്യത്തിന്റെ അധിദേവത ഇവിടെ സ്ഥിരതാമസമാക്കിയിരിക്കുന്നു. പ്രിയപ്പെട്ടവനേ നിന്റെ ഭക്തർ നിന്നെ തിരഞ്ഞു നടക്കുന്നതു കാണുന്നില്ലേ? പ്രേമസുരഭിലമായ കടാക്ഷം കൊണ്ട് ഞങ്ങളുടെ ജീവനെത്തന്നെ അവിടുന്നു കവർന്നെടുത്തിരിക്കുന്നു. എന്നാൽ ഞങ്ങൾ വൃന്ദാവനവാസികളെ കാലാകാലങ്ങളിൽ നിന്നുണ്ടാവുന്ന ദുരിതങ്ങളിൽ നിന്നെല്ലാം നീ രക്ഷിക്കുകയും ചെയ്യുന്നു. ഞങ്ങൾക്കറിയാം നീ ഗോപികമാരുടെ വെറും കളിത്തോഴൻ മാത്രമല്ലാ എന്ന്. നീ സകല ജിവികൾക്കും അന്തര്യാമിയായ സാക്ഷീഭാവമത്രെ. സൃഷ്ടാവിന്റെ പ്രാർത്ഥനപ്രകാരം സാത്വികരുടെ ഇടയിൽ ജൻമമെടുത്തിരിക്കുകയാണ് അവിടുന്ന് എന്നും ഞങ്ങൾ അറിയുന്നു.

ഭഗവാനേ അവിടുത്തെ കൈൾ തലയിൽവച്ച് അനുഗ്രഹിച്ചാലും. ആ കൈകൾ അവിടുത്തെ അഭയം പ്രാപിക്കുന്നവർക്കു ഭയവിമോചനം നൽകുന്നവയത്രേ. ഞങ്ങളെ വിനീതദാസികളായി കണക്കാക്കി ഞങ്ങൾക്ക് അവിടുത്തെ ദർശനസുഖമേകിയാലും. അവിടുത്തെ കുമ്പിടുന്നവരുടെ സകലപാപങ്ങളേയും നശിപ്പിക്കുന്ന ആ പാദാരവിന്ദങ്ങളെ ഞങ്ങളുടെ മാറിടത്തിൽ വച്ചാലും. അതേ പാദങ്ങളാണല്ലോ ഞങ്ങൾക്ക് ഐശ്വര്യമേകുന്ന പശുക്കളെയും പൈക്കുട്ടികളെയും മേയ്ക്കുന്നത്. കാളിയന്റെ ദർപ്പമവസാനിപ്പിക്കാനായി നൃത്തം ചെയതതും അതേ പാദമലരുകൾ തന്നെ. പ്രിയപ്പെട്ടവനേ ഞങ്ങളിലെ ഉദാസീനമായിപ്പോയ ചേതനയെ അവിടുത്തെ അധരപുടങ്ങളിൽ നിന്നുമൊഴുകുന്ന അമൃതുകൊണ്ട് ഉണർത്തിയാലും. അവിടുത്തെ മഹിമകളും ലീലകളും വർണ്ണിക്കുന്ന കഥകൾ പോലും ദു:ഖിതരുടെ പ്രാണനെ പുനർജീവിപ്പിക്കുന്നു. മഹാത്മാക്കൾ ആ കഥകൾ പാടി വർണ്ണിക്കുന്നത് ദുഷ്ടതയെ നശിപ്പിക്കുന്നതും മംഗളകരവും ശാന്തിയേകുന്നതുമത്രേ. അവ കേൾക്കുന്നവർ അനുഗ്രഹീതരുമത്രെ.

അവിടുത്തെ മൃദുലപാദങ്ങളിൽ മുള്ളോ കമ്പോ കൊണ്ടുവെന്ന് കേൾക്കുന്നത് ഞങ്ങൾക്ക് വേദനയുണ്ടാക്കുന്നു. നീ ദിവസേന പശുവിനെ മേയ്ക്കാൻ കാട്ടിലേയ്ക്ക് പോകുന്നതും ഞങ്ങൾക്ക് വേദനയാണ്. നീ തിരിച്ചുവന്നുകണ്ടാലേ ഞങ്ങൾക്ക് സന്തോഷമാവൂ. മുന്നിലോടുന്നപശുക്കുളമ്പടിയാൽ ഉയർന്നുപൊങ്ങിയ പൊടിയണിഞ്ഞ അളകങ്ങൾ പാറിക്കളിക്കുന്ന നിന്റെ മധുരമനോജ്ഞമുകുരം ഞങ്ങളങ്ങിനെ നോക്കി നിൽക്കും. ഞങ്ങളുടെ കണ്ണുകൾക്കുമുകളിൽ ഇമകളെ വച്ചിരിക്കുന്ന ആ ദേവനെ ഞങ്ങളപ്പോൾ ശപിച്ചു പോവുന്നു. തുടർച്ചയായി നിന്നെ കാണാനവ സമ്മതിക്കുകയില്ലല്ലോ.

പ്രിയപ്പെട്ട ഭഗവാനേ അവിടുത്തെ മധുരാധരാമൃതം ഞങ്ങൾക്കേകിയാലും. അതുകൊണ്ടാണല്ലോ ഓടക്കുഴലിന് എല്ലാവരേയും സമാകർഷിക്കാൻ കഴിയുന്നത്. ഭർത്താവ് കുട്ടികൾ തുടങ്ങിയ എല്ലാ ബന്ധുക്കളേയും എല്ലാമുപേക്ഷിച്ച് ഞങ്ങൾ നിന്റെ പാദങ്ങളിലഭയം തേടിയിരിക്കുന്നു. ഞങ്ങളെ ഉപേക്ഷിക്കരുതേ. വൃജത്തിലെ നിന്റെ സാന്നിദ്ധ്യം അവിടുത്തെ ജനങ്ങളുടെ ദു:ഖത്തെ അകറ്റിയിരിക്കുന്നു. വിരഹദു:ഖത്തിന്റെ തീവ്രതയാൽ ഞങ്ങളെ പീഡിപ്പിക്കരുതേ പ്രഭോ.